റീബിൽഡ് കേരള ഇനിഷ്യേറ്റീവ് പദ്ധതിയിലുൾപ്പെടുത്തി കരവാരം, കിളിമാനൂർ, വെള്ളല്ലൂർ, പുളിമാത്ത് എന്നീ വില്ലേജാഫീസുകൾക്ക് പുതിയ മന്ദിരം നിർമ്മിക്കുന്നതിനായി ഭരണാനുമതി നൽകിയിട്ടുണ്ട്. പ്രസ്തുത നിർമ്മാണ പ്രവൃത്തികൾ ആരംഭിക്കുന്നതിന് ടി വില്ലേജുകളിലെ പഴയ ഓഫീസ് കെട്ടിടങ്ങൾ പൊളിച്ച് മാറ്റേണ്ടതും നിർമ്മാണ സ്ഥലങ്ങളിൽ നിൽക്കുന്ന മരങ്ങൾ മുറിച്ച് നീക്കേണ്ടതുമുണ്ട്. ആയത് ത്വരിതപ്പെടുത്തുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

## റവന്യൂ വകുപ്പ് വഴി നൽകുന്ന സേവനങ്ങൾ

310(2666) ശ്രീ. തോമസ് കെ. തോമസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) റവന്യൂ വകുപ്പ് വഴി നൽകുന്ന സേവനങ്ങൾ സുതാര്യമാക്കുന്നതിന് ഈ സർക്കാർ സ്വീകരിച്ച നടപടികൾ വ്യക്തമാക്കുമോ?

ആധുനിക സൗകര്യങ്ങളോടുകൂടിയ കെട്ടിടങ്ങളും ഇ-ഗവേണൻസിന്റെ സഹായത്തോടുകൂടി വില്ലേജാഫീസിൽ നിന്നുള്ള സേവനങ്ങൾ ഏത് സമയത്തും എവിടെ വച്ചും ലഭിക്കുന്നതിനായി ആവിഷ്കരിച്ചിട്ടുള്ള സ്മാർട്ട് വില്ലേജാഫീസ് പദ്ധതിയും നടപ്പിലാക്കിവരുന്നു. റവന്യൂ വകുപ്പിനുകീഴിൽ വരുന്ന വില്ലേജാഫീസ് ഉൾപ്പെടെയുള്ള എല്ലാ ഓഫീസ് സംവിധാനങ്ങളുടെയും ആധുനീകരണത്തിനും വിവിധ ഓഫീസ് സേവനങ്ങൾ ആവശ്യമുള്ളവർക്ക് പരമാവധി വേഗത്തിൽ സുതാര്യമായി സേവനങ്ങൾ ലഭിക്കുന്നതിനും പരമാവധി സേവനങ്ങൾ ഓൺലൈൻ പ്ലാറ്റ്ഫോമിലാക്കി ഇ-ഗവേണൻസ് സംവിധാനത്തിലൂടെ നൽകുന്നതിന് ആവശ്യമുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. സുതാര്യത ഉറപ്പാക്കിക്കൊണ്ട് റവന്യൂ ഓഫീസുകളിൽനിന്നും ജനങ്ങൾക്ക് നൽകുന്ന സേവനങ്ങളുടെ ഗുണനിലവാരം ഉയർത്തുകയെന്ന ലക്ഷ്യത്തോടെ ചുവടെ ചേർത്തിരിക്കുന്ന പദ്ധതികളാണ് വകുപ്പിൽ നിലവിൽ നടപ്പിലാക്കി വരുന്നത്.

1. ഇ-ഡിസ്ട്രിക്റ്റ്
2. ആർ.ആർ. ഓൺലൈൻ
3. ReLIS (റവന്യൂ ലാൻഡ് ഇൻഫർമേഷൻ സിസ്റ്റം)
4. റവന്യൂ ഇ-പേയ്മെന്റ്
5. ഇ-ഓഫീസ്
6. റിലീഫ് (സമഗ്ര ദുരിത മാനേജ്മെന്റ് സംവിധാനം)
7. റവന്യൂ മിത്രം

LIBRARY ARCHIVES Kerala Legislative Assembly

സംസ്ഥാനത്തെ എല്ലാ വില്ലേജാഫീസുകളിലും ഐ.റ്റി. മിഷന്റെ സഹകരണത്തോടുകൂടി BSNL-ന്റെ അതിവേഗ ബ്രോഡ്ബാന്റ് ഇന്റർനെറ്റ് സൗകര്യം ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു. റവന്യൂ സേവനങ്ങൾ ലഭിക്കുന്നതിന് പൊതുജനങ്ങൾക്ക് റവന്യൂ ഓഫീസുകളിലേയ്ക്ക് നേരിട്ട് പോകാതെതന്നെ അപേക്ഷകൾ സമർപ്പിക്കുവാനും സേവനങ്ങൾ വീട്ടിലിരുന്നുതന്നെ ലഭിക്കുന്നതിനും പരമാവധി സേവനങ്ങൾ ഇ-ഗവേണൻസ് പ്ലാറ്റ്ഫോമിലൂടെ പൊതുജനങ്ങൾക്ക് ലഭ്യമാക്കുവാനുള്ള പ്രവർത്തനങ്ങൾ നടന്നുവരുന്നു. സുതാര്യവും ലളിതവുമായി റവന്യൂ സേവനങ്ങൾ നൽകുന്നതിനും റവന്യൂ സേവനങ്ങളുടെ നടത്തിപ്പിൽ നേരിട്ട് പൊതുജനങ്ങളെ ഭാഗഭാക്കാക്കുന്നതിനും പൂർത്തിയാക്കിയ പദ്ധതികൾക്ക് പുറമേ ചുവടെ ചേർക്കുന്ന പദ്ധതികൾകൂടി നടപ്പിലാക്കുന്നതിനുള്ള പ്രവർത്തനങ്ങൾ നടന്നുവരുന്നു.

1. റവന്യൂ പോർട്ടൽ
2. വിവരാവകാശം ഓൺലൈൻ: റവന്യൂ പോർട്ടലിൽ ഉൾപ്പെടുത്തി വിവരാവകാശ അപേക്ഷകളും ഓൺലൈനായി സ്വീകരിക്കുന്നതിനും നടപടി സ്വീകരിക്കുന്നതിനുമുള്ള മോഡ്യൂൾ
3. സോഷ്യൽ സെക്യൂരിറ്റി പെൻഷൻ : (നിലവിൽ റവന്യൂ വകുപ്പ് വിതരണം ചെയ്യുന്ന അഗതികളായ രോഗികൾക്കുള്ള പെൻഷൻ ഓട്ടോമേറ്റ് ചെയ്ത് ഇ-ഗവേണൻസ് പ്ലാറ്റ്ഫോമിലൂടെ ലഭ്യമാക്കുന്നതിനുള്ള നടപടികൾ.)
4. റവന്യൂ ഇ-സർവ്വീസസ് മൊബൈൽ ആപ്ലിക്കേഷൻ
5. തണ്ടപ്പേർ പകർപ്പ് ഓൺലൈൻ
6. ലൊക്കേഷൻ മാപ്പ് ഓൺലൈൻ
7. FMB ഓൺലൈൻ (ഡിജിറ്റൽ സർവ്വേ പൂർത്തിയാക്കിയ വില്ലേജ് ഓഫീസുകളിൽനിന്നും പൊതുജനങ്ങൾക്ക് FMB പകർപ്പ് ഓൺലൈൻ ആയി അപേക്ഷിച്ച് ഡൗൺലോഡ് ചെയ്തെടുക്കുവാൻ കഴിയുന്ന ആപ്ലിക്കേഷൻ.) ഭൂരേഖാ പരിപാലനത്തിന്റെ ഭാഗമായി മാപ്പ് ഉൾപ്പെടെയുള്ള സേവനം ഓൺലൈൻ മുഖേന ജനങ്ങൾക്ക് നൽകുന്ന ആവശ്യത്തിലേയ്ക്കായി റീ-സർവ്വേ പ്രവർത്തനങ്ങളുടെ ഭാഗമായി ആധുനിക സർവ്വേ ഉപകരണങ്ങൾ ഉപയോഗിച്ച് തയ്യാറാക്കുന്ന മാപ്പുകൾ റവന്യൂ വകുപ്പിൽ ഉപയോഗിക്കുന്ന ReLIS സോഫ്റ്റ്വെയറുമായി സംയോജിപ്പിച്ച് പ്രവർത്തിക്കുന്ന തരത്തിൽ e-Maps എന്ന സോഫ്റ്റ്വെയർ NIC മുഖേന തയ്യാറാക്കിയിട്ടുണ്ട്. നിലവിൽ ഡിജിറ്റൽ മാപ്പുകൾ ലഭ്യമായിട്ടുള്ള 87 വില്ലേജുകളിൽ 80 വില്ലേജുകളുടെ മാപ്പുകൾ ടി സോഫ്റ്റ്വെയറിൽ നൽകിയിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ബി) റവന്യൂ വകുപ്പിന്റെ പ്രവർത്തനങ്ങൾ കൂടുതൽ കാര്യക്ഷമമാക്കാൻ കൂടുതൽ ജീവനക്കാരെ നൽകുന്നതിന് നടപടി സ്വീകരിക്കുമോ;

ദുരന്തനിവാരണ ഡെപ്യൂട്ടി കളക്ടർ തസ്തിക നിലവിലില്ലാത്ത കൊല്ലം, കോട്ടയം, ഇടുക്കി, പാലക്കാട്, വയനാട്, കാസർഗോഡ് എന്നീ ജില്ലകളിൽ ടി തസ്തിക സൃഷ്ടിക്കുന്നതിനുള്ള പ്രൊപ്പോസൽ പരിശോധിച്ചുവരുന്നു. റവന്യൂ വകുപ്പിന്റെ പ്രവർത്തനങ്ങളായ ലാൻഡ് റിക്കാർഡ്സ് മെയിന്റനൻസ് (LRM) പട്ടയ സർവ്വേ, ലാൻഡ് അസൈൻമെന്റ്, ലാൻഡ് അക്വിസിഷൻ വിവിധ വികസന പ്രവർത്തനങ്ങളുടെ ഭാഗമായുള്ള ലാൻഡ് സർവ്വേ തുടങ്ങിയ അടിയന്തര പ്രാധാന്യമുള്ള ജോലികൾ സമയബന്ധിതമായി പൂർത്തിയാക്കുന്നതിന് കൂടുതൽ സർവ്വേ വിഭാഗം ജീവനക്കാരെ റീ-സർവ്വേ എസ്റ്റാബ്ലിഷ്മെന്റിൽനിന്നും റവന്യൂ വകുപ്പിലേയ്ക്ക് നിയോഗിച്ചിട്ടുണ്ട്.

(സി) വില്ലേജ് ഓഫീസുകൾ കൂടുതൽ സൗകര്യങ്ങൾ നൽകി പ്രവർത്തിക്കുന്നതിന് നടപടികളുണ്ടാകുമോ; എങ്കിൽ വിശദവിവരം ലഭ്യമാക്കുമോ?

സംസ്ഥാനത്തെ വില്ലേജാഫീസുകളുടെ നവീകരണത്തിനായി പ്ലാൻ സ്കീം പ്രകാരം വില്ലേജ് ഓഫീസ് കെട്ടിടങ്ങളുടെ അറ്റകുറ്റപ്പണികൾ, ചുറ്റുമതിൽ നിർമ്മാണം, കുടിവെള്ള സൗകര്യം, ടോയ്ലെറ്റ് സൗകര്യം, സ്ഥലപരിമിതികളുള്ള വില്ലേജാഫീസുകളിൽ അധികമുറി നിർമ്മാണം, കാലപ്പഴക്കം നിമിത്തം ജീർണ്ണിച്ച വില്ലേജ് ഓഫീസ് കെട്ടിടങ്ങൾ പുനർനിർമ്മിക്കുന്നതിന്റെ ഭാഗമായി 'സ്മാർട്ട് വില്ലേജ് ഓഫീസ് പദ്ധതി' എന്നിവ ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നു. പ്രളയ ബാധിത പ്രദേശങ്ങളിലെ വില്ലേജ് ഓഫീസ് കെട്ടിടങ്ങൾ പുനർനിർമ്മിക്കുന്നതിനായി റീബിൽഡ് കേരള ഇനിഷ്യേറ്റീവ് പദ്ധതി പ്രകാരവും സ്മാർട്ട് വില്ലേജ് ഓഫീസ് കെട്ടിടങ്ങൾ നിർമ്മിച്ചു വരുന്നു. ദിവസവും ജനങ്ങൾ എത്തുന്ന ഓഫീസെന്ന നിലയിൽ വില്ലേജ് ഓഫീസ് കെട്ടിടങ്ങളുടെ പശ്ചാത്തല സൗകര്യങ്ങൾ വർദ്ധിപ്പിക്കേണ്ടതിന്റെ ആവശ്യകത പരിഗണിച്ച് വില്ലേജ് ഓഫീസുകളെ ആധുനികവത്കരിക്കുന്നതിനുള്ള പദ്ധതിയാണ് സ്മാർട്ട് വില്ലേജ് ഓഫീസ് പദ്ധതി. സംസ്ഥാനത്തെ വില്ലേജ് ഓഫീസുകളെ സ്മാർട്ട് ഓഫീസുകളാക്കി മാറ്റി അവയിൽനിന്ന് വേഗത്തിലും (Speedy) ആധുനിക രീതിയിലുള്ള അന്തരീക്ഷത്തിലും (Modern) ഉറപ്പായും (Assured) ഉത്തരവാദിത്വത്തോടെയും (Responsible) സുതാര്യമായും (Transparent) സേവനങ്ങൾ നൽകുകയെന്ന ഉദ്ദേശ്യത്തോടുകൂടിയാണ് സ്മാർട്ട് (SMART) റവന്യൂ ഓഫീസ് പദ്ധതി ആവിഷ്കരിച്ചിട്ടുള്ളത്. ആധുനിക സൗകര്യങ്ങളോടുകൂടിയ കെട്ടിടങ്ങളും ഇ-ഗവേണൻസിന്റെ സഹായത്തോടുകൂടി വില്ലേജാഫീസിൽ നിന്നുള്ള സേവനങ്ങൾ ഏതുസമയത്തും എവിടെവച്ചും ലഭ്യമാക്കുന്നതിനുള്ള സൗകര്യങ്ങളാണ് സ്മാർട്ട് വില്ലേജ് ഓഫീസുകളിൽ ഒരുക്കുന്നത്. സ്മാർട്ട് വില്ലേജ് ഓഫീസുകൾക്കായി

LIBRARY ARCHIVES Kerala Legislative Assembly

സ്ഥലലഭ്യതയ്ക്ക് അനുസരിച്ച് ആധുനിക രീതിയിലുള്ള കെട്ടിടങ്ങളാണ് നിർമ്മിച്ചു വരുന്നത്. ഇവയിൽ പൊതുജനങ്ങൾക്കായി ഹെൽപ്പ് ഡെസ്ക്/ഫ്രണ്ട് ഓഫീസ്, സന്ദർശകർക്കുള്ള റൂം, വില്ലേജ് ഓഫീസറുടെ റൂം, മറ്റ് ഉദ്യോഗസ്ഥർക്കുള്ള ഓഫീസ് റൂം, ഡൈനിംഗ് റൂം, റിക്കാർഡ് റൂം, ടോയ്‌ലെറ്റുകൾ എന്നിവയും ഫർണിച്ചർ, സേവനങ്ങൾ ഓൺലൈനായി നൽകുന്നതിനുള്ള സൗകര്യങ്ങൾ എന്നിവയും ഉൾപ്പെടുന്നു. പൊതുജനങ്ങളുടെ സൗകര്യത്തിനായി ഇരിപ്പിട സൗകര്യങ്ങളോടു കൂടിയ സന്ദർശക മുറിയും കുടിവെള്ള സൗകര്യവും ടോയ്‌ലെറ്റുകളും ഏർപ്പെടുത്തി യിട്ടുണ്ട്. എല്ലാ ഓഫീസുകളും ഭിന്നശേഷി സൗഹൃദമായാണ് നിർമ്മിച്ചുവരുന്നത്. റവന്യൂ വകുപ്പിനുകീഴിൽ വരുന്ന വില്ലേജ് ഓഫീസ് ഉൾപ്പെടെയുള്ള എല്ലാ ഓഫീസ് സംവിധാനങ്ങളുടെയും ആധുനീകരണത്തിനും വിവിധ ഓഫീസ് സേവനങ്ങൾ ആവശ്യമുള്ളവർക്ക് പരമാവധി വേഗത്തിൽ സുതാര്യമായി സേവനങ്ങൾ ലഭിക്കു ന്നതിനും പരമാവധി സേവനങ്ങൾ ഓൺലൈൻ പ്ലാറ്റ്ഫോമിലാക്കി ഇ-ഗവേണൻസ് സംവിധാനത്തിലൂടെ നൽകുന്നതിനാവശ്യമുള്ള നടപടി സ്വീകരിച്ചുവരുന്നു. സംസ്ഥാനത്തെ എല്ലാ വില്ലേജാഫീസുകളിലും ഐ.ടി. മിഷന്റെ സഹകരണ ത്തോടുകൂടി BSNL-ന്റെ അതിവേഗ ബ്രോഡ്ബാന്റ് ഇന്റർനെറ്റ് സൗകര്യം ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു. നിലവിൽ 1336 വില്ലേജ് ഓഫീസുകളിൽ അതിവേഗ ഇന്റർനെറ്റ് സൗകര്യം ലഭ്യമാക്കിയിട്ടുണ്ട്. വിവരസാങ്കേതിക വിദ്യയുടെ സഹായത്തോടെ നടത്തുന്ന ഈ ആധുനികവൽകരണ പ്രവർത്തനങ്ങൾ മുഖേന സംസ്ഥാനത്തെ വില്ലേജാഫീസുകളെ സുതാര്യമായും കാലതാമസം കൂടാതെയും സേവനങ്ങൾ നൽകുന്ന ജനസൗഹൃദ ഓഫീസുകളാക്കുന്ന പ്രവർത്തനങ്ങൾ അതിവേഗം പുരോഗമിക്കുകയാണ്. സുതാര്യത ഉറപ്പാക്കിക്കൊണ്ട് റവന്യൂ ഓഫീസുകളിൽ നിന്നും ജനങ്ങൾക്ക് നൽകുന്ന സേവനങ്ങളുടെ ഗുണനിലവാരം ഉയർത്തുകയെന്ന ലക്ഷ്യത്തോടെയും ചുവടെ ചേർത്തിരിക്കുന്ന പദ്ധതികളാണ് വകുപ്പിൽ നിലവിൽ നടപ്പിലാക്കിവരുന്നത്.

1. ഇ-ഡിസ്ട്രിക്ട്
2. ആർ.ആർ. ഓൺലൈൻ
3. സംയോജിത ഓൺലൈൻ പോക്കുവരവ്(Online Mutation)
4. റവന്യൂ ഇ-പേയ്മെന്റ്
5. ഇ-ഓഫീസ്
6. റിലീഫ് (സമഗ്ര ദുരിത മാനേജ്മെന്റ് സംവിധാനം)
7. റവന്യൂ മിത്രം

LIBRARY ARCHIVES Kerala Legislative Assembly

റവന്യൂ സേവനങ്ങൾ ലഭിക്കുന്നതിന് പൊതുജനങ്ങൾക്ക് റവന്യൂ ഓഫീസുകളിലേയ്ക്ക് നേരിട്ട് പോകാതെതന്നെ അപേക്ഷകൾ സമർപ്പിക്കുവാനും സേവനങ്ങൾ വീട്ടിലിരുന്നുതന്നെ ലഭിക്കുന്നതിനും പരമാവധി സേവനങ്ങൾ ഇ-ഗവേണൻസ് പ്ലാറ്റ്ഫോമിലൂടെ പൊതുജനങ്ങൾക്ക് ലഭ്യമാക്കുവാനുള്ള പ്രവർത്തനങ്ങൾ നടന്നു വരുന്നു. സുതാര്യവും ലളിതവുമായി റവന്യൂ സേവനങ്ങൾ നൽകുന്നതിനും റവന്യൂ സേവനങ്ങളുടെ നടത്തിപ്പിൽ നേരിട്ട് പൊതുജനങ്ങളെ ഭാഗഭാക്കാക്കുന്നതിനും പൂർത്തിയാക്കിയ പദ്ധതികൾക്ക് പുറമെ ചുവടെ ചേർക്കുന്ന പദ്ധതികൾ കൂടി നടപ്പിലാക്കുന്നതിനുള്ള പ്രവർത്തനങ്ങൾ നടന്നുവരുന്നു.

1. റവന്യൂ പോർട്ടൽ പൊതുജനങ്ങൾക്കും ജീവനക്കാർക്കും Single Sign On സൗകര്യത്തോടുകൂടിയ പോർട്ടൽ. നിലവിൽ വികസിപ്പിച്ചതും വികസനത്തിലുള്ളതുമായ മിത്രം, റിലീഫ്, എച്ച്.ആർ.എം.എസ്. കെ.ബി, റ്റി.ആർ.റ്റി.ഐ. ലീസ് മാനേജ്മെന്റ് സിസ്റ്റം, സോഷ്യൽ സെക്യൂരിറ്റി പെൻഷൻ തുടങ്ങിയ മോഡ്യൂളുകൾ ഈ സംവിധാനത്തിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

2. വിവരാവകാശം ഓൺലൈൻ: റവന്യൂ പോർട്ടലിൽ ഉൾപ്പെടുത്തി വിവരാവകാശ അപേക്ഷകളും ഓൺലൈനായി സ്വീകരിക്കുന്നതിനും നടപടി സ്വീകരിക്കുന്നതിനുമുള്ള മോഡ്യൂൾ.

3. സോഷ്യൽ സെക്യൂരിറ്റി: പെൻഷൻ നിലവിൽ റവന്യൂ വകുപ്പ് വിതരണം ചെയ്യുന്ന അഗതികളായ രോഗികൾക്കുള്ള പെൻഷൻ ഓട്ടോമേറ്റ് ചെയ്ത് ഇ-ഗവേണൻസ് പ്ലാറ്റ്ഫോമിലൂടെ ലഭ്യമാക്കുവാനാണ് ലക്ഷ്യമിടുന്നത്. ഈ പദ്ധതിയുടെ പ്രവർത്തനം ആരംഭിക്കുന്നതിന് C-DIT-ന് വർക്ക് ഓർഡർ നൽകിയിട്ടുണ്ട്. പ്രവർത്തനങ്ങൾ പുരോഗമിക്കുന്നു.

4. റവന്യൂ ഇ-സർവ്വീസസ് മൊബൈൽ ആപ്ലിക്കേഷൻ : റവന്യൂ വകുപ്പ് പ്രദാനം ചെയ്യുന്ന എല്ലാ സേവനങ്ങളും ഒരൊറ്റ മൊബൈൽ ആപ്പ് മുഖാന്തരം ലഭ്യമാക്കാനാണ് ഈ പദ്ധതിയിലൂടെ ലക്ഷ്യമിടുന്നത്. പദ്ധതിയുടെ ആദ്യഘട്ടമായി അടിസ്ഥാന ഭൂനികുതി ഒടുക്കുവാൻ കഴിയുന്ന ആപ്ലിക്കേഷൻ മൊഡ്യൂളിന്റെ നിർമ്മാണം നാഷണൽ ഇൻഫോമാറ്റിക്സ് സെന്റർ (NIC) മുഖാന്തരം പുരോഗമിക്കുന്നു.

5. തണ്ടപ്പേർ പകർപ്പ് ഓൺലൈൻ: വില്ലേജ് ഓഫീസുകൾ വഴി വിതരണം ചെയ്യുന്ന തണ്ടപ്പേർ പകർപ്പ് ഡിജിറ്റലായി സാക്ഷ്യപ്പെടുത്തി ഭൂവുടമകൾക്ക് വിതരണം ചെയ്യുന്നതിനുള്ള ആപ്ലിക്കേഷൻ. പൊതുജനങ്ങൾക്ക് ഓൺലൈനായി അപേക്ഷ സമർപ്പിക്കാനും ഫീസ് അടയ്ക്കാനും ഡിജിറ്റലായി സാക്ഷ്യപ്പെടുത്തിയ തണ്ടപ്പേർ പകർപ്പ് നേരിട്ട് ഡൗൺലോഡ് ചെയ്തെടുക്കുവാനും സാധിക്കും.

LIBRARY ARCHIVES Kerala Legislative Assembly

6. ലൊക്കേഷൻ മാപ്പ് ഓൺലൈൻ: വില്ലേജാഫീസുകൾ വഴി വിതരണം ചെയ്യുന്ന ലൊക്കേഷൻ സർട്ടിഫിക്കറ്റുകൾ ReLIS-മായി സംയോജിപ്പിച്ച് ഡിജിറ്റലായി സാക്ഷ്യപ്പെടുത്തി ഭൂവുടമകൾക്ക് വിതരണം ചെയ്യുന്നതിനുള്ള ആപ്ലിക്കേഷൻ. പൊതുജനങ്ങൾക്ക് ഓൺലൈനായി അപേക്ഷ സമർപ്പിക്കാനും ഫീസ് അടയ്ക്കാനും ലൊക്കേഷൻ സർട്ടിഫിക്കറ്റുകൾ ഡൗൺലോഡ് ചെയ്തെടുക്കാനും സാധിക്കും.

7. FMB ഓൺലൈൻ: ഡിജിറ്റൽ സർവ്വേ പൂർത്തിയാക്കിയ വില്ലേജ് ഓഫീസുകളിൽനിന്നും പൊതുജനങ്ങൾക്ക് FMB പകർപ്പ് ഓൺലൈനായി അപേക്ഷിച്ച് ഡൗൺലോഡ് ചെയ്തെടുക്കാൻ കഴിയുന്ന ആപ്ലിക്കേഷൻ.

**വില്ലേജ് ഓഫീസ് കെട്ടിടങ്ങളുടെ ശോചനീയാവസ്ഥ**

311(2667) പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മലപ്പുറം ജില്ലയിലെ തിരൂർ താലൂക്കിൽപ്പെടുന്ന കുറ്റിപ്പുറം, നടുവട്ടം, കോട്ടക്കൽ എന്നീ വില്ലേജാഫീസ് കെട്ടിടങ്ങളുടെ ശോചനീയാവസ്ഥ പരിഹരിക്കുന്നതിനുവേണ്ടി പ്ലാൻഫണ്ടിലോ മറ്റേതെങ്കിലും ഫണ്ടിലോ ഉൾപ്പെടുത്തി അവ പുനരുദ്ധരിക്കാൻ നടപടി സ്വീകരിക്കുമോ?

കുറ്റിപ്പുറം വില്ലേജാഫീസിന് അധികമുറി നിർമ്മിക്കുന്നതിനും ചുറ്റുമതിൽ നിർമ്മിക്കുന്നതിനുമായി ഭരണാനുമതി ലഭിച്ചിരുന്നുവെങ്കിലും ടി ഭൂമി റെയിൽവെ ബി ക്ലാസ് കാറ്റഗറിയിൽപ്പെട്ടതായതിനാൽ നിർമ്മാണ പ്രവൃത്തി നടത്താൻ സാധിച്ചിട്ടില്ല. കോട്ടയ്ക്കൽ വില്ലേജ് ഓഫീസ് മുനിസിപ്പാലിറ്റിയുടെ ഉടമസ്ഥതയിലുള്ള കെട്ടിടത്തിലാണ് പ്രവർത്തിച്ചുവരുന്നത്. ഓരോ സാമ്പത്തിക വർഷവും വില്ലേജാഫീസുകളുടെ അടിസ്ഥാന സൗകര്യ വികസന പദ്ധതിക്കായുള്ള ബഡ്ജറ്റ് വിഹിതം അനുസരിച്ച് മുൻഗണനാക്രമത്തിലാണ് കെട്ടിട നിർമ്മാണത്തിന്/അറ്റകുറ്റപ്പണിക്ക് ഫണ്ട് അനുവദിക്കുന്നത്. നടുവട്ടം വില്ലേജാഫീസിനെ നവീകരണം വഴി സ്മാർട്ട് വില്ലേജ് ഓഫീസാക്കാൻ 2020-21 പ്ലാൻ സ്കീം പ്രകാരം ഭരണാനുമതി നൽകിയിട്ടുണ്ട്.

(ബി) മലപ്പുറം ജില്ലയിൽനിന്നും ജില്ലാധികൃതർ തയ്യാറാക്കുന്ന പ്രൊപ്പോസൽ ഉൾപ്പെടുത്താൻ നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ?

ഓരോ സാമ്പത്തിക വർഷവും വില്ലേജ് ഓഫീസുകളുടെ അടിസ്ഥാന സൗകര്യ വികസന പദ്ധതിക്കായുള്ള ബഡ്ജറ്റ് വിഹിതം അനുസരിച്ച് മുൻഗണന ക്രമത്തിലാണ് കെട്ടിട നിർമ്മാണത്തിന്/അറ്റകുറ്റപ്പണിക്ക് ഫണ്ട് അനുവദിക്കുന്നത്.

LIBRARY ARCHIVES Kerala Legislative Assembly